"ഭരണഭാഷ മാതൃഭാഷ"

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ:ജെറോമിക് ജോർജ്ജ് ഐ.എ.എസ്)**

കെ 3/200744/19 തീയതി : 04.08.2022

=====================================================

വിഷയം : പൊന്നുംവില - തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ശ്രീ പരശുരാമ സ്വാമി ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ - 2013 ലെ RFCTLARR ആക്ടിലെവകുപ്പ് 15(3) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി തുടരുന്നതിന് അനുമതി നൽകി സമുചിത സർക്കാർഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന: 1. 10.05.2022 ലെ 1517 –)0 നമ്പർ (വാല്യം11) കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം .

2. പൊന്നുംവില (ജനറൽ) സ്പെഷ്യൽ തഹസിൽദാരുടെ 17/06/22, 15/07/22 ലെ എ6/1022/16 നം റിപ്പോർട്ട്.

..........................................................................................

തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ ശ്രീ പരശുരാമ സ്വാമി ക്ഷേത്ര വികസനവുമായി ബന്ധപ്പെട്ട പൊന്നുംവില നടപടികളുടെ ഭാഗമായി 66.60 ആർ ഭൂമിഏറ്റെടുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അർത്ഥന സമർപ്പിച്ചിരുന്നു. തുടർന്ന് ഭൂമിയേറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

പ്രാരംഭ വിജ്ഞാപനത്തിന്മേൽ തൽപ്പര കക്ഷികളായ 2 പേർ ഉന്നയിച്ച ആക്ഷേപങ്ങളിൽ കക്ഷികളെ വിചാരണ നടത്തി സൂചന (2) പ്രകാരം പൊന്നുംവില ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പ്രാരംഭ വിജ്ഞാപനത്തിന്മേൽ ശ്രീ.സന്തോഷ് കുമാർ S/o സുകുമാരൻ, ടി.സി. 65/371,ചെമ്മണ്ണുവിള പുത്തൻവീട്,തിരുവല്ലം പി.ഒ ,തിരുവനന്തപുരം സമർപ്പിച്ച അപേക്ഷപത്തിൽ പൊന്നുംവില നടപടിക്കായി ഏറ്റെടുക്കുന്ന ഭൂമി പരശുരാമ സേവാട്രസ്റ്റ് പ്രവർത്തിക്കുന്നതിനുവേണ്ടി, ഭൂവുടമകളായ ടിയാനും ബിന്ദുകുമാറും ചേർന്ന് വാങ്ങിയ സ്ഥലമാണെന്നും ടി സ്ഥലത്ത് ട്രസ്റ്റിന്റെ പ്രവർത്തനത്തിനായി അന്നദാനപുര,വിശ്രമകേന്ദ്രം,ഗോശാല,അടുക്കള പൂജാസാധനങ്ങൾ വിൽക്കുന്ന സ്റ്റാൾ,കളരിത്തറ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നതായും ആയതിനാൽ പൊന്നുംവില നടപടിയിൽ നിന്നും ടി ഭൂമിയെ ഒഴിവാക്കണമെന്നും കൂടാതെ ട്രസ്റ്റ് നൽകുന്ന സേവനത്തെക്കുറിച്ചും നിർമ്മിതികളെക്കുറിച്ചും ടി സേവനങ്ങളുടെ ഗുണഭോക്താക്കളായ ഭക്തരെ സംബന്ധിച്ചുള്ള കൃത്യമായ വിവരവും സാമൂഹ്യ

പ്രത്യാഘാത പഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മുൻ പ്രധാനമന്ത്രി ശ്രീ.എ.ബി, വാജ്പേയ് യുടെ ചിതാഭസ്മം നിമഞ്ജനം ചെയ്ത സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള അടൽജി സ്മൃതി കുടീരം നിലനിർത്തണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതേ ആവശ്യം തന്നെ ഉന്നയിച്ചാണ് ശ്രീ.പരശുരാമ സേവാസംഘം ട്രസ്റ്റ് ചെയർമാൻ ആയ ശ്രീകുമാർ വി.ഡി, സെക്രട്ടറിയായ രാജു.എൻ എന്നിവരും അക്ഷേപം സമർപ്പിച്ചിട്ടുള്ളത്.

ടി ആക്ഷേപങ്ങളിന്മേൽ അർത്ഥനാധികാരിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാതിക്കാരായ ഭൂവുടമയുടെ വസ്തു ഏറ്റെടുക്കുന്ന ഭൂമികളുടെ ആരംഭത്തിലുള്ള ഭൂമിയാണെന്നും, ആയത് ഒഴിവാക്കിയാൽ ബലിതർപ്പണത്തിനായി സൌകര്യങ്ങളേർപ്പെടുത്തുന്നതിനുള്ള എല്ലാസാഹചര്യങ്ങളും അവസാനിക്കുമെന്നും ആയതുകാരണം സ്ഥലം ഏറ്റെടുക്കുന്നതുമൂലമുള്ള ഫലസിദ്ധി പൂർണ്ണമായും നഷ്ടമാകുമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഭക്ത ജനങ്ങൾക്കുള്ള അന്നദാനം,പൂജാസാധനം ലഭ്യമാക്കൽ എന്നിവ ദേവസ്വം ബോർഡ് തന്നെ നടത്തിവരുന്നുണ്ടെന്നും,ക്ഷേത്ര കോമ്പൌണ്ടിൽ ഉപയോഗിക്കാതെ അൽപ്പം പോലും സ്ഥലം അവശേഷിക്കുന്നില്ലെന്നും ആയതിനാൽ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ മാറ്റം വരുത്താൻ കഴിയില്ലെന്നും സ്ഥലമേറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്നും 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും പുനരധിവാസ പാക്കേജുകളും നിയമവിധേയമായി പരാതിക്കാരന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്എന്നും അറിയിച്ചിട്ടുണ്ട്.

സമുചിത സർക്കാരിന്റെ 23/04/2022 ലെ കെ3/200744/19 നമ്പർ ഉത്തരവ് പ്രകാരം സാമൂഹികാഘാത പഠനത്തിന്മേലുള്ള വിദഗ്ധ സമിതിയുടെ ശുപാർശയിന്മേൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശ്രീ.പരശുരാമ ക്ഷേത്രവികസനത്തിനായി സമർപ്പിച്ച അലൈൻമെന്റ് അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ 2013 ലെ RFCTLARR ACT പ്രകാരം ഭൂമിയേറ്റെടുക്കൽ പദ്ധതി തുടരുന്നതിനായി ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ലെന്നും 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാരന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ടി ആക്ഷേപങ്ങളുടെ വിചാരണ നടത്തി പൊന്നുംവില ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തൽപ്പര കക്ഷികളുടെ ആക്ഷേപങ്ങളും അർത്ഥനാധികാരിയുടെ അഭിപ്രായവും പൊന്നുംവില ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ചതിൽ പൊന്നുംവില ഭൂമി പദ്ധതിക്ക് അനുയോജ്യമാണെന്നും ബദൽ മാർഗങ്ങൾ പ്രായോഗികമല്ലെന്നും പദ്ധതി യാഥാർഥ്യമാകുന്നതിലൂടെ പിതൃതർപ്പണത്തിനും മറ്റ് പൂജാദികർമ്മങ്ങൾക്കും എത്തിച്ചേരുന്ന ഭക്തജനങ്ങൾക്കും പൊതുസമൂഹത്തിനും, നാടിന് പൊതുവായും വികസനം കൈവരിക്കാൻ

സാധിക്കുമെന്നും ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ പൊന്നുംവില നടപടികളിൽ നിന്നും പരാതിക്കാരുടെ വസ്തു ഒഴിവാക്കണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല. 2013 ലെ RFCTLARR ACT ന്റെ പരിധിയിൽ വരുന്ന എല്ലാവിധ നഷ്ടപരിഹാരങ്ങളും നിയമവിധേയമായി പരാതിക്കാർക്ക് ലഭ്യമാക്കുന്നതിന് പൊന്നുംവില ഓഫീസറും അർത്ഥനാധികാരിയും നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം നിർദ്ദിഷ്ട പദ്ധതിയുടെ പൊതു ആവശ്യം പരിഗണിച്ചുകൊണ്ടും തൽപ്പര കക്ഷികളുടെ ആക്ഷേപങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ടും പ്രാരംഭവിജ്ഞാപനത്തിന്മേൽ ലഭ്യമായ ആക്ഷേപങ്ങൾ തീർപ്പ്കൽപ്പിച്ചുകൊണ്ടും അർത്ഥന പ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന ഏകദേശം 66.60 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി തുടരുന്നതിന് RFCTLARR ACT 2013 സെക്ഷൻ 15(3) പ്രകാരം തീരുമാനിച്ച കൊണ്ടും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുസരിച്ചുള്ള തുടർ നടപടികൾക്ക് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ജില്ലാ കളക്ടർ

1. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, (ആമുഖ കത്ത് സഹിതം).
2. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. സ്പെഷ്യൽ തഹസിൽദാർ, എൽ.എ ജനറൽ, തിരുവനന്തപുരം
   (നിയമം അനുശാസിക്കുന്ന സ്ഥലങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
4. എൻ.ഐ.സി.ഓഫീസർക്ക് - സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നത് (ക്യാപ്ഷൻ ചുവടെ പറയും പ്രകാരം ചേർക്കേണ്ടതാണ്)

   *Engish – Land Acquisition-Acquisition of land for the Development of Sree Parasurama Swami Temple – decision of appropriate Govt.

   ***മലയാളം-പൊന്നുംവില- ശ്രീ പരശുരാമ സ്വാമി ക്ഷേത്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ- സമുചിതസർക്കാർ ഉത്തരവ്***
5. പരാതി കക്ഷികൾക്ക്
6. കരുതൽ ഫയൽ

ഉത്തരവിൻപ്രകാരം

ഡെപ്യൂട്ടി കളക്ടർ(എൽ.എ)

ജില്ലാകളക്ടർക്കുവേണ്ടി